KERALA TRAVEL MART SOCIETY
38/1912, Elamkulam Road (Kaloor-Kadavanthra Road), Cochin - 682017. Telefax : 91-484-2203156
E-mail: ktm@keralatravelmart.org Website: www.keralatravelmart.org

*പത്രക്കുറിപ്പ്* *09.08.2016*

## കേരള ട്രാവൽമാർട്ടിൽ പത്ത് പുതിയ രാജ്യങ്ങളുൾപ്പെടെ 57 വിദേശരാജ്യങ്ങൾ പങ്കെടുക്കും

കൊച്ചി: വിനോദസഞ്ചാര മേഖലയിൽ രാജ്യത്തെ ഏറ്റവും വലിയ പ്രദർശനമേള കളിലൊന്നായ കേരള ട്രാവൽമാർട്ടിൽ പത്ത് പുതിയ വിദേശരാജ്യങ്ങൾ പങ്കെടുക്കും. കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ട്രാവൽമാർട്ടിൽ 57 വിദേശ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെ 20 സംസ്ഥാനങ്ങളിൽ നിന്നും പങ്കാളിത്തമുണ്ടാകും.

ജപ്പാൻ, ചൈന, ചിലി, ഗ്രീസ്, ഇറാൻ, ദക്ഷിണാഫ്രിക്ക, സൗദി അറേബ്യ, മെക്സിക്കോ, ബോട്സ്വാന, ജോർജിയ എന്നീരാജ്യങ്ങളാണ് നടാടെ കേരള ട്രാവൽമാർട്ടിൽ പങ്കാളിത്തം ഉറപ്പാക്കിയിരിക്കുന്നത്.

മൂന്നു ദിവസം നീണ്ടു നിൽക്കുന്ന പ്രദർശനത്തിൽ പങ്കെടുക്കാൻ 560 അന്താരാഷ്ട്ര പ്രതിനിധികൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു.1304 ആഭ്യന്തര ബയേഴ്സും ഇത്തവണ ട്രാവൽമാർട്ടിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലോക ടൂറിസം ദിനമായ സെപ്റ്റംബർ 27-നാണ് ട്രാവൽമാർട്ടിന് തിരിതെളിയുക. 28 മുതലാണ് ബിസിനസ് കൂടിക്കാഴ്ചകൾ. കൊച്ചിയിലെ സമുദ്രിക സാഗര കൺവെൻഷൻ സെന്ററാണ് വേദി.

അമേരിക്ക, കാനഡ, ഓസ്ട്രേലിയ എന്നിവിടങ്ങളിൽനിന്ന് ഇക്കുറി മികച്ച പ്രതികരണമാണ ലഭിച്ചിരിക്കുന്നത്. ആദ്യമായെത്തുന്ന ചൈനയും ജപ്പാനുമടക്കമുള്ള രാജ്യങ്ങളിൽനിന്ന് നിരവധി രജിസ്ട്രേഷനുകൾ ഇതിനകംതന്നെ നടന്നുകഴിഞ്ഞു.

ടൂറിസംമേഖലയിലെ നവാഗതർക്കൊപ്പം പരമ്പരാഗത രാജ്യങ്ങളിൽനിന്നും മികച്ച ബയേഴ്സിനെയാണ് ഇക്കുറി ട്രാവൽമാർട്ടിൽ ഉൾപ്പെടുത്തുന്നതെന്ന് കേരള ട്രാവൽമാർട്ട് സൊസൈറ്റി പ്രസിഡന്റ് ഏബ്രഹാം ജോർജ് പറഞ്ഞു.

. കേരളത്തിലെ ടൂറിസം മേഖലയെ സംബന്ധിച്ച് വലിയ അവസരമാണ് ട്രാവൽമാർട്ട് വഴിയുണ്ടായിട്ടുള്ളതെന്ന് ഏബ്രഹാം ജോർജ് ചൂണ്ടിക്കാട്ടി. മേഖലയിലെ പ്രമുഖരുമായി ആശയവിനിമയം നടത്താനുള്ള അവസരവും പ്രാദേശിക സെല്ലേഴ്സിന ഇതുവഴി സാധ്യമാകും. കേരളത്തിലെ ടൂറിസം മേഖലയ്ക്ക് അന്താരാഷ്ട്ര ടൂറിസം സമൂഹവുമായി സംവദിക്കാനുള്ള അവസരമാണ് ഉണ്ടാകുന്നത്.

സെല്ലേഴ്സുമായുള്ള കൂടിക്കാഴ്ചകൾ മുൻകൂട്ടി നിശ്ചയിക്കുന്ന സംവിധാനം ഇത്തവണ മുതൽ ആഭ്യന്തര ബയേഴ്സിനും ബാധകമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ 25000 കൂടിക്കാഴ്ചകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. അതല്ലാതെ മുൻകൂട്ടി നിശ്ചയിക്കാത്ത 25000 കൂടിക്കാഴ്ചകളും കെടിഎം സൊസൈറ്റി പ്രതീക്ഷിക്കുന്നുണ്ടെന്ന് ഏബ്രഹാം ജോർജ് പറഞ്ഞു.

മേഖലയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് സംസ്ഥാന സർക്കാർ കൂടുതൽ ശ്രദ്ധ നൽകുന്നുണ്ട്. ഇക്കുറി ബജറ്റ് വിഹിതം വർധിപ്പിക്കാനുള്ള തീരുമാനം ശുഭപ്രതീക്ഷ നൽകുന്നതാണെന്നും അദ്ദേഹംചൂണ്ടിക്കാട്ടി.

ഉത്തരവാദിത്ത ടൂറിസം, മുസിരിസ് ആൻഡ് സ്പൈസ്റൂട്ട് എന്നിവയാണ് ഇത്തവണത്തെ പ്രമേയങ്ങൾ. ടൂർ ഓപ്പറേറ്റർമാർ, ഹോട്ടൽ, റിസോർട്ട്, ഹോംസ്റ്റേ, ഹൗസ്ബോട്ട്, ആ

KERALA TRAVEL MART SOCIETY
38/1912, Elamkulam Road (Kaloor-Kadavanthra Road), Cochin - 682017. Telefax : 91-484-2203156
E-mail: ktm@keralatravelmart.org Website: www.keralatravelmart.org

യുർവേദ റിസോർട്ട്, സാംസ്കാരിക കേന്ദ്രങ്ങൾ, എന്നിവയുൾപ്പെട്ട 261 സെല്ലേഴ്സാണ് ട്രാവൽമാർട്ടിൽ പങ്കെടുക്കുന്നത്. ബിസിനസ്-ടു-ബിസിനസ് മീറ്റിംഗുകൾക്കുള്ള വേദിയായ ട്രാവൽമാർട്ടിൽ ടൂറിസത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭകരെ ഒരു കുടക്കീഴിൽ കൊണ്ടുവരാനാണ് ലക്ഷ്യമിടുന്നത്.

മുസിരിസ് സ്പൈസ്റൂട്ടിന്റെ പ്രചരണാർത്ഥം 31 അംഗരാജ്യങ്ങളിൽ നിന്നുള്ള പാചകവിദഗ്ധർ പങ്കെടുക്കുന്ന പാചകമത്സരവും കേരള ട്രാവൽമാർട്ടിന്റെ പശ്ചാത്തലത്തിൽ സംഘടിപ്പിക്കുന്നുണ്ട്. കേന്ദ്ര-സംസ്ഥാന ടൂറിസം വകുപ്പുകളുടെയും യുനെസ്കോയുടെയും സഹകരണത്തോടെയാണ് പാചകമേള സംഘടിപ്പിക്കുന്നത്. കെടിഎമ്മിനു തൊട്ടുമുമ്പായി സെപ്റ്റംബർ 23 മുതൽ 26 വരെയാണ് അന്താരാഷ്ട്ര പാചകമത്സരം.